158. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ഈ കൊല്ലത്തേക്ക് പ്രസ്തുത കാപ്പുകാർ ലേലത്തിൽ വച്ചുവൊ;

ഉണ്ടെങ്കിൽ എത്ര സംഖ്യക്കാണ് ലേലം വിളിച്ചത്;

പ്രസ്തുത കാപ്പുകാർക്ക് അന്യ സമുദായത്തിൽനിന്നും ടെണ്ടർ ഉണ്ടായിരുന്നുവൊ;

ഉണ്ടെങ്കിൽ എത്ര സംഖ്യക്ക്;

അന്യ സമുദായക്കാർ ആവശ്യപ്പെട്ട സംഖ്യക്കെങ്കിലും ഈ പാവങ്ങൾക്ക് ഏല്പിച്ചുകൊടുക്കാമായിരുന്നില്ലേ;

(b) ഇതിനെ സംബന്ധിച്ച് അവർ കൊടുത്തിട്ടുള്ള അപേക്ഷകൾക്ക് എന്തെങ്കിലും അനുകൂല്യം ചെയ്തുകൊടുത്തിട്ടുണ്ടോ ചെയ്തുകൊടുപ്പാൻ വിരോധം ഉണ്ടോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—(a) ഉവ്വ്.

പുത്തൻതോട്ടം ചിലഞ്ഞിറ കാപ്പും സ്ഥ കു. ക്ക് ചിലർ വിളിക്കയുണ്ടായി.

ഉവ്വ്.

൨൫ ഉദ്യോഗസ്ഥരെ ചിലർ ആവശ്യപ്പെട്ടിരുന്നു.

മേൽപറഞ്ഞ സംഖ്യ വളരെ കുറഞ്ഞ സംഖ്യയാണെന്നും സ്ഥവത്തുണ്ടെന്നും ബോദ്ധ്യം വന്നതിനാൽ അപ്രകാരം ചെയ്യാത്തതാണ്.

(b) ഇല്ല.

അനുകൂല്യം ചെയ്തുകൊടുപ്പാൻ ഇപ്പോൾ തക്കതായ കാരണങ്ങൾ ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—പുത്തൻ തോട്ടം ചിലഞ്ഞിറ കാപ്പും സ്ഥ കു.യ്ക്ക ചിലർ വാങ്ങിയ്ക്കുകയുണ്ടായി എന്നു പറഞ്ഞിരിയ്ക്കുന്നു. അവർ ആരാണെന്നു പറയാമോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—൨൫ ഉദ്യോഗസ്ഥരെ ചിലർ ആവശ്യപ്പെട്ടിരുന്നുവെന്നു പറഞ്ഞിരിയ്ക്കുന്നു. അത് അവർ നേരിട്ടാവശ്യപ്പെട്ടിട്ടുള്ളതാണോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—ലേലത്തിനു ശേഷം എഴുതി അയച്ചിട്ടുള്ളതാണ്.

Applications from Depressed Classes of Trichur for assignment of Poramboke lands.

159. മിസ്റ്റർ കെ. പി. വള്ളോൻ.—ഇരിഞ്ഞാലക്കുടത്താലൂക്ക് പള്ളിപ്പുറം ദേശനിവാസികളായ അധഃകൃതർക്ക് പുറമ്പോക്കു പ

LIBRARY ARCHIVES Kerala Legislative Assembly

തുച്ചുകിട്ടുവാൻ അയച്ച ഹർജി ഗവർമ്മെണ്ടിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു് പരിച്ചുകൊടുത്തുവോ?

മിസ്റ്റർ യു. കണ്ടർമേനോൻ.—അങ്ങിനെ യാതൊരു ഹർജിയും ഗവർമ്മെണ്ടിനു കിട്ടിയിട്ടില്ല.

Applicants for admission to the Depressed Class Pupils' Hostel.

160 കെ. പി. വള്ളോൻ.—(a) അധഃകൃത വിദ്യാർത്ഥികൾക്കു് തുടങ്ങുവാൻ പോകുന്ന ഹോസ്റ്റലിൽ ചേരുവാൻ എത്ര അപേക്ഷകന്മാരുണ്ടു്; അവർ ഏതു ക്ലാസുകളിൽ പഠിക്കുന്നവരാണു്; അവർക്കു് എത്ര ഉറുപ്പിക വീതം സ്റ്റൈപണ്ടു കൊടുക്കുന്നുണ്ടു്.

(b) ടി ഹോസ്റ്റൽകൊണ്ടുള്ള ആവശ്യകത ഇൻഡസ്ട്രിയൽ വിദ്യാർത്ഥികൾക്കുണ്ടോ; അവർക്കു് മാസംപ്രതി കൊടുത്തുവരുന്ന സ്റ്റൈപണ്ടു് എത്ര ഉറുപ്പികയാണു്; ഇപ്പോൾ ഹോസ്റ്റൽ എവിടെ തുടങ്ങുന്നു?

രാമവർമ്മതമ്പുരാൻ.—(a) ഹോസ്റ്റലിൽ ചേരുവാൻ താഴെ ചേരെഴുതുന്ന അധഃകൃത വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ടു്.—

	പേർ.	ക്ലാസ്.	ജാതി.	സ്റ്റൈപണ്ടു്.
(ക)	കെ. കായി	Form IV	വേട്ടുവൻ	ഇല്ല
(ഖ)	പി. എം. വേലായുധൻ	Form III	പുലയൻ	ഉ കു.
(ഗ)	സി. എ. ശങ്കരൻ	Preparatory Class	ടി	ഇല്ല.
(ഘ)	പി. കെ. വേലു	Form V	പടന്ന കണക്കൻ	ടി
(ങ)	ടി. ആർ. വേലുപ്പൻ	Form IV	ടി	ടി
(ന)	ഇ. സി. വേലായുധൻ	Form V	പുലയൻ	നു കു.
(ഛ)	എം. പി. കുഞ്ഞിത്താണി	Form III	ടി	ഉ കു.
(ച)	എ. സി. രാമൻ	Form III	പുലയൻ	ഉ കു.
(ന)	ടി. സി. വേലായുധൻ	Form III	ടി	ഉ കു.
(ഫ ഠ)	എം. കെ. ശങ്കരൻ	Form II	ടി	ഇല്ല.
(ഫ ഫ)	കെ. അയ്യപ്പൻ	Form I	ടി	ടി
(ഫ ഉ)	ഇ. കെ. വള്ളി	നെയ്ത്തു്	ടി	ഒ കു.

LIBRARY ARCHIVES Kerala Legislative Assembly